LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനു വേണ്ടി വിദേശത്ത് വച്ച് നടത്തുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതു വഴി കേരളത്തിലെ വിനോദസഞ്ചാരമേഖലയെക്കുറിച്ച് വിദേശികൾക്ക് വിശദാംശം നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ചില വിദേശ ട്രാവൽമാർട്ടുകളിൽ വിനോദനസഞ്ചാര വകുപ്പ് തദ്ദേശത്തെ പ്രമുഖരായ ടൂർ ഓപ്പറേറ്റർമാരെയും ട്രാവൽ ഏജന്റുമാരെയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ച് ഒരു അവബോധം വളർത്തുന്നതിനുവേണ്ടി "റോഡ്ഷോ" സംഘടിപ്പിക്കാറുണ്ട്. പ്രമുഖ വിദേശ പത്ര മാധ്യമങ്ങളിലും ടെലിവിഷൻ ചാനലുകളിലും വകുപ്പ് പ്രചരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ ഇന്റർനെറ്റിലും വിനോദസഞ്ചാരവകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകിയിട്ടുണ്ട്. അന്തർദ്ദേശീയ തലത്തിൽ സുപ്രസിദ്ധരായ മാദ്ധ്യമ പ്രവർത്തകരെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി വകുപ്പിന്റെ അതിഥിയായി താമസിപ്പിച്ച് കേരളത്തിലെ ടൂറിസം പ്രാധാന്യം മനസ്സിലാക്കുന്നതിനും അതുവഴി കേരളത്തെക്കുറിച്ച് വിദേശരാജ്യങ്ങളിൽ പ്രചാരണം നടത്തുന്നതിനും കഴിയുന്നുണ്ട്. വകുപ്പിന്റെ ഈവിധ പ്രവർത്തനം മൂലം സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് കഴിയുന്നുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപണന നിലവാരം ഉയർത്തുന്നതിനുംവേണ്ടി സംസ്ഥാന ഫണ്ടുപയോഗിച്ചും കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടിയും ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കിവരുന്നു.

എക്കോ ടൂറിസം പ്രമോഷൻ പദ്ധതികൾ

57(1533) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്കോ ടൂറിസം പ്രമോട്ട് ചെയ്യുന്നതിനുവേണ്ടി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇപ്രകാരം എത്ര എക്കോ ടൂറിസം പദ്ധതികളാണ് പരിഗണനിയിൽ ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമായ എക്കോടൂറിസം പദ്ധതികൾ എതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് എക്കോടൂറിസം പ്രൊമോട്ട് ചെയ്യുന്നതിന് സർക്കാർ തലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. എക്കോടൂറിസം വികസന സാദ്ധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു.

2. സംസ്ഥാനത്തെ എല്ലാ വന്യജീവി സങ്കേതങ്ങളും നാഷണൽ പാർക്കുകളും ഉൾക്കൊള്ളിച്ച് വിപുലമായ ഒരു ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു.

3. വനമേഖലയിൽ വനസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെയുള്ള എക്കോടൂറിസം പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) കല്ലാർ (പൊൻമുടി) - തിരുവനന്തപുരം ജില്ല

തെന്മല, പാലരുവി - കൊല്ലം ജില്ല

തേക്കടി, തൊമ്മൻകുത്ത് - ഇടുക്കി ജില്ല

ആറളം - കണ്ണൂർ ജില്ല

തീരപ്രദേശങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം വികസന പദ്ധതികൾ

58(1534) ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ടൂറിസം വികസനം ലക്ഷ്യംവച്ച് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതിൽ തീരപ്രദേശങ്ങളിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;

(സി) തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

† അനുബന്ധം - IX